

ലേഖനം

ഒ. സഫറുല്ല

# അഫ്ഗാൻ ഒബാമക്ക് ചുവട് പിഴക്കുന്നു

**ഫ്രാൻസിലെ സ്ട്രാൻസ്ബർഗിൽ നടന്ന നാറ്റോ യോഗത്തിൽ അഫ്ഗാനിലേക്ക് കൂടുതൽ നാറ്റോ സൈനികരെ വേണമെന്ന പ്രസിഡന്റ് ഒബാമയുടെ ആഹ്വാനത്തിന് യൂറോപ്യൻ രാജ്യങ്ങൾ ചെവികൊടുത്തില്ലെന്ന് മാത്രമല്ല, ഒബാമക്ക് അപ്രതീക്ഷിത തിരിച്ചടി നേരിടുകയും ചെയ്തു.**

**ഒബാമ** അമേരിക്കൻ പ്രസിഡന്റായി സ്ഥാനമേൽക്കുമ്പോൾ അനന്തരമായി ലഭിച്ചത് രണ്ട് യുദ്ധങ്ങളും അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുമാണ്. ബുഷിന്റെ ഇറാഖ് അധിനിവേശം അന്താരാഷ്ട്ര സമൂഹത്തിനു മുമ്പിൽ അമേരിക്കയെ നാണംകെടുത്തിയപ്പോൾ, ഈ ഊരാകുടുക്കിൽനിന്ന് എങ്ങനെയെങ്കിലും തടി രക്ഷപ്പെടുത്താനായിരുന്നു ഒബാമയുടെ ശ്രമം. അതിനാൽ സ്ഥാനമേറ്റയുടനെ അമേരിക്കൻ സേനയെ ഇറാഖിൽനിന്ന് പിൻവലിക്കുന്നതിനെക്കുറിച്ചായിരുന്നു ഒബാമയുടെ പ്രസ്താവനകൾ. 2009 ഫെബ്രുവരി 27-ന് ഒബാമ നടത്തിയ പ്രസ്താവനയിൽ 142,000 അമേരിക്കൻ സൈനികരെ ഉടനെയും 2010 ആഗസ്റ്റ് 31 ഓടെ മുഴുവൻ സൈന്യത്തെയും ഇറാഖിൽനിന്ന് പിൻവലിക്കുമെന്ന് ഉറപ്പു നൽകുകയുണ്ടായി.

എന്നാൽ അഫ്ഗാനിസ്താന്റെ കാര്യത്തിൽ ഒബാമയുടെ കണക്കുകൂട്ടൽ മറ്റൊരുവിധത്തിലാണ്. അഫ്ഗാനിസ്താനെ ചുടലക്കളമാക്കിമാറ്റിയേ അടങ്ങൂ എന്ന വാശിയിലാണെന്ന് തോന്നും അദ്ദേഹത്തിന്റെ സമീപകാല നീക്കങ്ങൾ കണ്ടാൽ.

അഫ്ഗാനിലേക്ക് കൂടുതൽ സൈനികരെ അയക്കാനുള്ള ഒബാമ

യുടെ തീരുമാനം ഫലത്തിൽ കൂടുതൽ സിവിലിയന്മാരെ കൊന്നൊടുക്കുന്നതിലേക്കും രക്തരൂഷിതമായ പോരാട്ടത്തിലേക്കുമാണ് നയിക്കുക. അഫ്ഗാൻ ദൗത്യത്തിൽ അമേരിക്കയുടെ കൂട്ടാളികളായ നാറ്റോ സഖ്യരാഷ്ട്രങ്ങൾപോലും അടക്കംപറഞ്ഞു തുടങ്ങിയിട്ടുണ്ട്. അഫ്ഗാനിസ്താനിൽ അമേരിക്കയുടെ നേതൃത്വത്തിൽ സൈന്യം നടത്തുന്ന സിവിലിയൻ വേട്ടയുടെ വാർത്തകൾ വൈകിയാണെങ്കിലും അന്താരാഷ്ട്ര മാധ്യമങ്ങൾ പുറത്തുവിട്ടുകൊണ്ടിരിക്കുന്നുണ്ട്.

വിദേശകാര്യ വിദഗ്ധനും അമേരിക്കൻ പത്രപ്രവർത്തകനുമായ മാർക് ഡബ്ല്യൂ ഹെഗാർഡിന്റെ കണക്കനുസരിച്ച് 2009-ലെ ആദ്യ മൂന്നുമാസങ്ങളിൽ അമേരിക്കൻ സഖ്യശക്തികളുടെ സൈനിക ആക്രമണത്തിൽ 137-141 വരെ സിവിലിയന്മാരാണ് കൊല്ലപ്പെട്ടത്. അതേസമയം 2009 ജനുവരിയിൽ സഖ്യസേനയുടെ 25 സൈനികരും ഫെബ്രുവരിയിൽ 24 പേരും മാർച്ചിൽ 28 പേരും കൊല്ലപ്പെട്ടു. 2008 ആഗസ്റ്റിൽ സഖ്യസേനയിലെ 12 ഫ്രഞ്ച് പട്ടാളക്കാർ കൊല്ലപ്പെട്ടത് ഫ്രാൻസിൽ കോളിളക്കം സൃഷ്ടിച്ചു. ഫ്രഞ്ച് ജനതയിൽ മൂന്നിൽ രണ്ടും ഫ്രഞ്ച് ഗവൺമെന്റിന്റെ അഫ്ഗാൻ നയത്തിനെതിരായി കഴിഞ്ഞു. ഈ വിഷയത്തിൽ അമേരിക്ക തങ്ങളെ തന്ത്രപരമായി കെണിയിൽ പെടുത്തുകയായിരുന്നുവെന്ന് പല രാഷ്ട്രങ്ങളും ഇപ്പോൾ വിശ്വസിക്കുന്നു. അമേരിക്കൻ സൈനികരേക്കാൾ കൊല്ലപ്പെടുന്നത് തങ്ങളുടെ സൈനികരാണെന്ന് ആ രാഷ്ട്രങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. 2006-ൽ കൊല്ലപ്പെട്ട നാറ്റോ സൈനികരുടെ എണ്ണം കൊല്ലപ്പെട്ട അമേരിക്കൻ സൈനികരേക്കാൾ രണ്ട് മുതൽ മൂന്നു വരെ ഇരട്ടി കൂടുതലായിരുന്നു.

അഫ്ഗാനിലെ സിവിലിയൻ ആളപായത്തെക്കുറിച്ച് ഞെട്ടിക്കുന്ന കണക്കുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഈ മരണങ്ങളൊക്കെ താലിബാന്റെ കണക്കിൽപെടുത്തി രക്ഷപ്പെടുകയാണ് അമേരിക്ക. യു.എസ്-നാറ്റോ സൈനിക നടപടി മൂലം 2009-ൽ മരിച്ച സിവിലിയന്മാരുടെ കണക്ക് ഇങ്ങനെ: ജനുവരി 11, ഫെബ്രുവരി 28, മാർച്ച് 31, ജനുവരി 1 മുതൽ ഏപ്രിൽ 8 വരെ 104. മെയ് ആദ്യത്തിൽ ഫറാ പ്രവിശ്യയിലെ രണ്ട് ഗ്രാമങ്ങളിൽ അമേരിക്ക നടത്തിയ ബോംബാക്രമണത്തിൽ സ്ത്രീകളും കുട്ടികളുമടങ്ങുന്ന നൂറിലധികം സിവിലിയന്മാരാണ് കൊല്ലപ്പെട്ടത്. ഒറ്റ ആക്രമണത്തിൽ ഇത്രയധികം നിരപരാധികൾ കൊല്ലപ്പെടുന്നത് അമേരിക്കൻ അധിനിവേശത്തിനു ശേഷം ഇതാദ്യമാണ്. ഒബാമയുടെ തീരുമാനപ്രകാരം പുതിയ സൈനികർ എത്തുന്നതോടെ സിവിലിയൻ ആളപായം ഇനിയും കൂടും. അഫ്ഗാന്റെ ഉൾപ്രദേശങ്ങളിൽ നടക്കുന്ന ബോംബാക്രമണങ്ങളിൽ മരിക്കുന്ന സിവിലിയന്മാരുടെ എണ്ണം ലഭ്യമല്ലാത്തതിനാൽ ഇപ്പോൾ രേഖപ്പെടുത്തിയ കണക്ക് ഒട്ടും കൃത്യമല്ല. എത്ര സിവിലിയന്മാർ മരിച്ചു എന്ന് പലപ്പോഴും സഖ്യസേനകൾ പുറത്ത് വിടാറുമില്ല. രാഷ്ട്രീയകാര്യ വിദഗ്ധനായ വഹീദ് മുസ്ദ അഭിപ്രായപ്പെട്ടതുപോലെ സിവിലിയന്മാരെ വധിച്ചതിനുശേഷം അവരെ തീവ്രവാദികളായി മുദ്രകുത്തുന്നതാണ് സൈനികരുടെ രീതി.

ഒബാമ അധികാരമേറ്റെടുത്തതിനു ശേഷവും സിവിലിയൻ വേട്ടക്ക് ശമനമുണ്ടായിട്ടില്ലെന്ന് മാത്രമല്ല, വർധിക്കുകയാണ് ചെയ്തത്. മാർക്ക് ഡബ്ല്യൂ ഹെഗാഡ് പറയുന്നു: "എല്ലാ റിപ്പോർട്ടും ഏതാണ്ട് ഒരേതരത്തിലാണ് വരുന്നത്, അമേരിക്കൻ സൈന്യം തീവ്രവാദികളെ വധിച്ച് എണ്ണം റിപ്പോർട്ട് ചെയ്യുന്നു. പിന്നീട് പ്രാദേശിക ഭരണകൂടം, യഥാർഥ വസ്തുത വെളിപ്പെടുത്തുന്നു. കൊല്ലപ്പെട്ടത് തീവ്രവാദികളല്ല, ഗ്രാമത്തിലെ കല്യാണ സംഘത്തിലെയോ മറ്റോ ആളുകളാണെന്നും വിശദീകരിക്കുന്നു."

അധിനിവേശ ശക്തികളുടെ 'തീവ്രവാദി'കൾക്കെതിരെയുള്ള സൈനിക നടപടികൾ തിരിഞ്ഞുകുത്തുന്നതായാണ് റിപ്പോർട്ട്. അധിനിവേശ ശക്തികളോട് ഇരകൾ പുലർത്തുന്ന ശത്രുത തന്നെയാണ് ഇതിന് പ്രധാന കാരണം. 'തീവ്രവാദം അമർച്ച ചെയ്യാനെന്ന പേരിൽ അയക്കപ്പെടുന്ന ഓരോ വിദേശ സേനയും കൂടുതൽ വിനാശത്തിലേക്കാണ് കാര്യങ്ങൾ കൊണ്ടെത്തിക്കുക' എന്ന് 2008-ൽ ഇത് സംബന്ധമായി പഠനം നടത്തിയ റാൻഡ് മുന്നറിയിപ്പ് നൽകിയതാണ്. നൂറുകണക്കിന് സിവിലിയന്മാരുടെ കൂട്ടക്കൊല, വീടുകളുടെയും കെട്ടിടങ്ങളുടെയും സമ്പൂർണ തകർച്ച, തട്ടിക്കൊണ്ടുപോകൽ, കൊടിയ പട്ടിണി, ക്രൂരമായ സൈനിക പീഡനം, തീവ്രവാദികളെന്ന് മുദ്രകുത്തി ജയിലിൽ തള്ളൽ, ലൈംഗിക പീഡനം, അഭയാർഥി പ്രവാഹം, സ്ത്രീകളുടെയും വൃദ്ധന്മാരുടെയും കുട്ടികളുടെയും നിസ്സഹായമായ നിലവിളി ഇതൊക്കെയാണ് അധിനിവേശ സൈന്യം അഫ്ഗാനിൽ അവശേഷിപ്പിക്കുന്നത്. ഫലമോ, താലിബാനോട് വിയോജിപ്പുള്ളവർപോലും അവർക്കനുകൂലമായി മാറുന്നു.

2009 ജനുവരി 24-ന് ലാഗ്മാനിൽ അമേരിക്കൻ സൈന്യം നടത്തിയ റെയ്ഡിൽ കൊല്ലപ്പെട്ടത് 22 സിവിലിയന്മാർ (18 കുട്ടികൾ, 2 പുരുഷന്മാർ, 2 സ്ത്രീകൾ). ഹമീദ് കർസായി ഭരണത്തിലെ ഉയർന്ന ഇന്റലിജൻസ് ഓഫീസറായ ഗാസിഗുലിന്റെ പിതാവും മാതാവും രണ്ട് സഹോദരന്മാരും രണ്ട് അമ്മായിമാരും യു.എസ് പട്ടാളം വെടിവെച്ചു കൊന്നവരിലുണ്ട്. ഒരു ഉന്നത ഉദ്യോഗസ്ഥന്റെ സ്ഥിതി ഇതാണെങ്കിൽ സാധാരണക്കാരന്റെ കാര്യം പറയാനുണ്ടോ. ഗുൽ തന്നെ ഫെബ്രുവരി 28-ന് ചിക്കാഗോ ട്രൈബ്യൂണലിനോട് പറഞ്ഞത് ഇങ്ങനെ: "സംശയം വേണ്ട, അമേരിക്ക നമ്മുടെ ശത്രുക്കൾ തന്നെ. എനിക്കു സാധിക്കും വിധം ഞാനവരെ വകവരുത്തും."

അഫ്ഗാൻ യുദ്ധത്തെപ്പറ്റി പ്രമുഖ ഫ്രഞ്ച് എഴുത്തുകാരൻ ഗിൽസ് ഡൊപെൻസൊറൊ എഴുതിയ ഒരു ലേഖനത്തിൽ, അഫ്ഗാനിൽ വിദേശ സൈന്യം നടത്തുന്ന യുദ്ധം മാത്രം മതി താലിബാന്റെ ശക്തി വർധിപ്പിക്കാൻ എന്ന് നിരീക്ഷിക്കുന്നു. ബെൽജിയം ഗവൺമെന്റിന്റെ മുഖ്യ ഉപദേശകനായ ഫ്രെഡ്രികോ മാൻഫ്രെഡി തെക്കൻ അഫ്ഗാനിസ്താനിലെ തന്റെ യാത്രാനുഭവങ്ങൾ വിവരിക്കവെ എഴുതി: "ഖണ്ഡഹാറിന് വെളിയിലുള്ള ഒരു ഗ്രാമത്തിലെ പരമ്പരാഗത ഗോത്രത്തലവനെ ഞാൻ പരിചയപ്പെട്ടു. മെലിഞ്ഞ് നീളം കൂടിയ മാന്യനായ ഒരാൾ. തന്റെ ഗോത്രത്തെ അയാൾ സ്വയം പരിചയപ്പെടുത്തി. സൗമ്യഭാവത്തിൽ അദ്ദേഹം പറഞ്ഞു: "എന്റെ കുടുംബത്തിലെ പകുതി പേരും താലിബാൻകാരാണ്. ഇവിടെ ഈ തെക്കുഭാഗത്ത് എപ്പോഴൊക്കെ വിദേശസൈന്യം കടന്നുവരുന്നുവോ അപ്പോഴൊക്കെ അവരോട് പൊരുതാൻ തയാറായി നിൽക്കുകയാണ്. ഇവിടുത്തുകാർ താലിബാൻ പോരാളി സംഘത്തിൽ ചേരുന്നതിനെ ഞാൻ കുറ്റപ്പെടുത്തില്ല, കാരണം അവർ ചുരുങ്ങിയപക്ഷം അഫ്ഗാനികളും പഷ്ത്തൂൺകാരുമാണ്. ഞങ്ങളുടെ അടുത്തവരാണ്. ഞാൻ താലിബാനല്ല, പക്ഷേ, വിദേശ അധിനിവേശം അവസാനിച്ചുകാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്."

2001-ൽ ആരംഭിച്ച അമേരിക്കയുടെ അഫ്ഗാൻ യുദ്ധം 2004 വരെ അമേരിക്ക മാത്രം പങ്കാളിയായ യുദ്ധമായിരുന്നു. 2004-2008 കാലയളവിലാണ് ഇത് നാറ്റോ

**അഫ്ഗാനിലെ സിവിലിയൻ ആളപായത്തെക്കുറിച്ച് ഞെട്ടിക്കുന്ന കണക്കുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഈ മരണങ്ങളൊക്കെ താലിബാന്റെ കണക്കിൽപെടുത്തി രക്ഷപ്പെടുകയാണ് അമേരിക്ക. യു.എസ്-നാറ്റോ സൈനിക നടപടി മൂലം 2009-ൽ മരിച്ച സിവിലിയന്മാരുടെ കണക്ക് ഇങ്ങനെ: ജനുവരി 11, ഫെബ്രുവരി 28, മാർച്ച് 31, ജനുവരി 1 മുതൽ ഏപ്രിൽ 8 വരെ 104. ഒബാമയുടെ തീരുമാനപ്രകാരം പുതിയ സൈനികർ എത്തുന്നതോടെ സിവിലിയൻ ആളപായം ഇനിയും കൂടും.**



-യു.എസ് സംയുക്ത ഓപറേഷനായി രൂപംപ്രാപിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിലെ ശീത സമരത്തിന്റെ ഉൽപന്നമാണ് നാറ്റോ. എന്നാൽ സോവിയറ്റ് യൂനിയന്റെയും സോഷ്യലിസ്റ്റ് ബ്ലോക്കിന്റെയും നിഷ്ക്രമണത്തോടെ നാറ്റോയുടെ പ്രസക്തി തന്നെ സംശയിക്കുന്നവരുടെ എണ്ണം വർധിച്ചു വരികയാണ്. ഒബാമയുടെ പുതിയ അഫ്ഗാൻ നയത്തോടുകൂടി അഫ്ഗാൻ യുദ്ധത്തോടുള്ള നാറ്റോയുടെ സമീപനവും മാറുകയാണ്. പാപഭാരം അമേരിക്കയിൽ കെട്ടിവെച്ച് കൈകഴുകാനാണ് യൂറോപ്യൻ രാജ്യങ്ങളുടെ ശ്രമം. 'അഫ്ഗാൻ യുദ്ധം അമേരിക്കയുടേതാണ്, ഞങ്ങളുടേതല്ല' എന്ന് പല അംഗരാജ്യങ്ങളും പറഞ്ഞു കഴിഞ്ഞു.

ഈയിടെ ഫ്രാൻസിലെ സ്ട്രാൻസ്ബർഗിൽ നടന്ന നാറ്റോ യോഗത്തിൽ അഫ്ഗാനിലേക്ക് കൂടുതൽ നാറ്റോ സൈനികരെ വേണമെന്ന പ്രസിഡന്റ് ഒബാമയുടെ ആഹ്വാനത്തിന് യൂറോപ്യൻ രാജ്യങ്ങൾ ചെവികൊടുത്തില്ലെന്ന് മാത്രമല്ല, ഒബാമക്ക് അപ്രതീക്ഷിത തിരിച്ചടി നേരിടുകയും ചെയ്തു. യൂറോപ്പിന്റെ മനസ്സ് പാട്രിയാക്കിന്റെ വാക്കുകൾ നേരാംവണ്ണം പ്രതിഫലിപ്പിക്കുന്നുണ്ട്. "അകലെ കിടക്കുന്ന അഫ്ഗാനെ യൂറോപ്പ് ഒരു ഭീഷണിയായി കാണുന്നില്ല. അൽഖാഇദ ഒരിക്കലും യൂറോപ്പിനെ ആക്രമിച്ചിട്ടുമില്ല. അമേരിക്ക ആക്രമിക്കപ്പെട്ടു. അമേരിക്കക്കെതിരെയുള്ള യുദ്ധ പ്രഖ്യാപനത്തിൽ ഉസാമ ബിൻ ലാദൻ അതിനുള്ള ന്യായങ്ങളും നിരത്തിയിട്ടുണ്ട്. സുഊദിയിലെ വിശുദ്ധ ഭൂമിയിൽ അമേരിക്ക അധിനിവേശം നടത്തുന്നു, ഇറാഖിലെ നിരപരാധികളായ മുസ്‌ലിംകളെ കൂട്ടക്കശാപ്പ് ചെയ്യുന്നു, ഫലസ്ത്വീനികളെ കൊന്നൊടുക്കാൻ ഇസ്രയേലിന് എല്ലാവിധ സഹായങ്ങളും ചെയ്യുന്നു എന്നിങ്ങനെ. യൂറോപ്പിനെ സംബന്ധിച്ചേടത്തോളം സുഊദിയിൽ അവരുടെ സൈന്യമില്ല, ഇറാഖിൽനിന്നും ഏറക്കുറെ അവർ സൈന്യത്തെ പിൻവലിച്ചുകൊണ്ടിരിക്കുന്നു. ഫലസ്ത്വീൻ രാഷ്ട്രത്തെ അംഗീകരിക്കുന്നു. അതിനാൽ അഫ്ഗാനിൽ സ്ഥിര സൈനിക സാന്നിധ്യം അവർക്കാവശ്യമില്ല."

അഫ്ഗാനിലെ വിദേശ സൈനിക സാന്നിധ്യവും സിവിലിയന്മാരെ കൊന്നൊടുക്കലും താലിബാനെ വളർത്താനേ ഉപകരിക്കൂവെന്ന് ഒബാമ ഇനിയും മനസ്സിലാക്കാത്തതെന്തുകൊണ്ട്?! ■